## ക ത്തു ക ൾ

# ഹജ്ജ് നറുക്കെടുപ്പ് വീണുടയുന്നത് അപേക്ഷകരുടെ പാൽകുപ്പി

**ഓരോ** ഹജ്ജ് നറുക്കെടുപ്പ് കഴിയുമ്പോഴും സഞ്ജയന്റെ പാൽക്കാരി പെൺകുട്ടിയുടെ കഥയാണ് ഓർമവരാറുള്ളത്.

ഗ്രാമത്തിലെ പണക്കാരന്റെ വീട്ടിലെ പണിക്കാരിയായിരുന്നു പെൺകുട്ടി. അവൾ രാവിലെ പാൽ നിറച്ച കുപ്പികളുമായി വരികയായിരുന്നു. അബദ്ധവശാൽ പാൽക്കുപ്പികൾ കൈയിൽനിന്ന് വീണുടഞ്ഞു. യജമാന്റെ തല്ല് കൊള്ളുമെന്നു ഭയന്ന് അവൾ ഉറക്കെ നിലവിളിച്ചു. ആളുകൾ തടിച്ചുകൂടി. പക്ഷേ അവർ നോക്കിനിന്നതേയുള്ളൂ.

കൂട്ടത്തിൽനിന്ന് ഒരു മനുഷ്യൻ മുന്നോട്ടുവന്നു. അയാൾ മുൻകൈയെടുത്ത് പണപ്പിരിവ് നടത്തി. കിട്ടിയ സംഖ്യ കരയുന്ന കുട്ടിക്ക് കൊടുത്ത് അവളെ വീട്ടിലേക്കയച്ചു. എല്ലാവരും അദ്ദേഹത്തെ അഭിനന്ദിച്ചു. പക്ഷേ, ഒരു രഹസ്യം അവരറിഞ്ഞില്ല. പാൽക്കാരി പെൺകുട്ടിയുടെ യജമാനനായിരുന്നു അയാൾ.

സ്വാർഥമതികളായ പൊതുപ്രവർത്തകരെ നിശിതമായി പരിഹസിക്കാൻ വേണ്ടിയാണ് സഞ്ജയൻ ഈ കഥ പറഞ്ഞത്.

ഈ കഥ ഓർമിക്കുന്നത് ഭരണാധികാരികളും നേതാക്കളും സേവനരംഗത്ത് നഷ്ടപ്പെട്ടുപോയ വിശ്വാസ്യത വീണ്ടെടുക്കാൻ പരിശ്രമിക്കണമെന്ന് സൂചിപ്പിക്കാനാണ്. ശരി ചെയ്താൽ മാത്രം പോരാ. ശരിയാണ് ചെയ്യുന്നതെന്ന് ആളുകളെ ബോധ്യപ്പെടുത്തുകയും വേണം.

നാൽപത്തി അയ്യായിരത്തോളം അപേക്ഷകരിൽനിന്ന് ഏഴായിരം പേർക്കാണ് കേരള ഹജ്ജ് കമ്മിറ്റി വഴി നറുക്കെടുപ്പിലൂടെ ഹജ്ജിനു പോകാനുള്ള അനുമതി ലഭിച്ചിരിക്കുന്നത്. 140 പേർ വെയിറ്റിംഗ് ലിസ്റ്റിലുമുണ്ട്.

അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി ഹജ്ജ് ക്വാട്ട നിർണയിക്കണമെന്ന അപേക്ഷകരുടെ പാൽകുപ്പി എല്ലാ കൊല്ലവും വീണുടയുന്നു. സ്വകാര്യ താൽപര്യ സംരക്ഷണത്തിന്റെ ഏജന്റുമാർ ഇവിടെ നല്ലവരായി വേഷംകെട്ടുന്നു.

നറുക്ക് വീഴാതെ പോയ മുൻ വർഷങ്ങളിലെ അപേക്ഷകർക്കും അറുപതിനു മേൽ പ്രായമുള്ളവർക്കും ഹജ്ജിന് സൗകര്യമൊരുക്കണമെന്ന ശിപാർശ പരിഗണിക്കപ്പെട്ടില്ല. വസ്തുനിഷ്ഠവും വ്യാപകവുമായ പരാതികൾ ഗൗരവപൂർവം കണക്കിലെടുക്കാറില്ല എന്നുതന്നെയാണ് ഇതിന്റെ അർഥം. സാധാരണക്കാരന് അപരിചിത മേഖലയായി ഹജ്ജ് നറുക്കെടുപ്പ് ഒരു ദന്തഗോപുരത്തിൽ നിൽക്കുകയാണ്. തെരഞ്ഞെടുപ്പ് രംഗത്ത് ലോകത്താകമാനം നൂതന കാഴ്ചപ്പാടുകൾ ഉരുത്തിരിഞ്ഞുവരുമ്പോൾ ഹജ്ജ് നറുക്കെടുപ്പിലെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും ഏതാനും ചിലർക്ക് മാത്രം അറിഞ്ഞാൽമതി എന്നത് ശരിയല്ല. മന്ത്രിമാർക്കും എം.പിമാർക്കും സമുദായ സംഘടനാ നേതാക്കൾക്കും അധിക ക്വാട്ടയിലെ സീറ്റുകൾ വീതംവെച്ചിട്ടുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ പരസ്യപ്രസ്താവന ഇറക്കുമ്പോൾ സാധാരണക്കാരന് ഇതൊരു അപരിചിത മേഖല തന്നെയാണെന്ന് വരുന്നു. കൈകാര്യം ചെയ്യുന്നവരുടെ സ്വകാര്യസ്വത്തായി നിൽക്കേണ്ടതല്ല ഇതൊന്നും. അനുമതി, അർഹതപ്പെട്ടവർക്ക് അപ്രാപ്യമാണെന്ന ധാരണയെങ്കിലും തിരുത്താൻ ഉത്തരവാദപ്പെട്ടവർക്ക് സാധിക്കണം.

അപേക്ഷകർ രേഖകളിൽ കൃത്രിമം കാണിക്കുന്നതും വയസ്സ് കൂട്ടിക്കാണിക്കുന്നതും കാരണമായി പറയുന്നവർ ഇതൊക്കെ കണ്ടെത്തി തടയാൻ ആധുനിക സംവിധാനം നിലവിലില്ലെന്ന് സമ്മതിക്കുകയാണ്.

ചർച്ച ചെയ്തിട്ടുണ്ട്, ആലോചിക്കുന്നുണ്ട് തുടങ്ങിയ എവിടെയും തൊടാത്ത പ്രയോഗങ്ങൾ കൊണ്ട് പ്രശ്നത്തിന്റെ കാതലായ വശങ്ങൾക്ക് നേരെ മുഖംതിരിഞ്ഞുനിൽക്കുന്നത് ഭൂഷണമല്ല. രാഷ്ട്രീയ വൈര നിര്യാതന ബുദ്ധി ഹാജിമാരെ വിഷമിപ്പിക്കുന്ന അവസ്ഥയിലേക്ക് തരംതാഴാൻ ഒരിക്കലും പാടില്ലാത്തതാണ്.

**കെ.പി കുഞ്ഞിമ്മൂസ്സ**



# ഫാഷിസം വേരാഴ്ത്തുമ്പോൾ

**സംഘ്പരിവാറിനെക്കുറിച്ച്** സദ്റുദ്ദീൻ വാഴക്കാട് എഴുതിയ ലേഖനം (ലക്കം: 45,46) നന്നായിട്ടുണ്ട്. ഹിന്ദു എന്ന പദം ഉപയോഗിക്കാൻ പോലും ഈ ഹിന്ദുത്വക്കാർക്ക് അർഹതയില്ല. 'ഹിംസാം ദുനോതി ഇതി ഹിന്ദു' എന്നാണ് ഹിന്ദുമതത്തിന് പ്രാമാണിക ഹൈന്ദവ ഗ്രന്ഥങ്ങൾ നൽകിയിട്ടുള്ള നിർവചനം. ഹിന്ദുവിന് ഹിംസയെ ന്യായീകരിക്കാനോ വിശ്വാസപ്രമാണമാക്കാനോ സാധിക്കുകയില്ല. എന്നാൽ ഹിംസയുടെ പാഠങ്ങൾ ഉരുവിട്ടുറങ്ങുന്നവരാണ് സംഘ്പരിവാർ. മുസ്‌ലിംകൾക്കും കമ്യൂണിസ്റ്റുകൾക്കും ദലിതർക്കുമെതിരെ വിദ്വേഷം പരത്തുകയും വംശഹത്യ നടത്തുകയുമാണ് ഇവരുടെ പ്രഖ്യാപിത നിലപാട്.

അഹിംസയുടെ പ്രണേതാവായിരുന്ന മഹാത്മജിയുടെ നെഞ്ചകം പിളർത്തവർ, ചിരപുരാതനമായ ഒരാരാധനാലയം ബാഹുബലം കൊണ്ട് തല്ലിത്തകർത്തവർ, ഗർഭിണിയുടെ ഉദരം പിളർത്ത് ഭ്രൂണം പുറത്തെടുത്ത് കഠാരയിൽ കോർത്തവർ, സേവനം വ്രതമാക്കിയ ഒരു സാധ്വിയുടെ വിശുദ്ധമേനിയിൽ കാമനഖങ്ങളാഴ്ത്തിയവർ ഹിന്ദുജാഗരണത്തെയല്ല, ജീർണതയെയാണ് പ്രതിനിധീകരിക്കുന്നത്.

ഭാരതീയ സമൂഹത്തിന്റെ സൂക്ഷ്മാംശങ്ങളിൽ പോലും വേരാഴ്ത്തിയ ഫാഷിസ്റ്റുകളെ തിരിച്ചറിയുക ഏറെ ദുഷ്കരമാണ്. പാഠപുസ്തകങ്ങളിലും ചരിത്രത്താളുകളിലും ഇവർ കടത്തിക്കൂട്ടിയ മാലിന്യങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുന്ന ദുരന്തങ്ങളാണ് നമ്മെ ഉത്കണ്ഠാകുലരാക്കേണ്ടത്. സാംസ്കാരിക രംഗത്തെ ഇടപെടലുകളും ഗൗരവമായി കാണേണ്ടതുണ്ട്. സംഘ്പരിവാരത്തെ ചെറുക്കേണ്ടത് മറ്റാരെക്കാളുമധികം യഥാർഥ ഹിന്ദുക്കളുടെ ധർമമാണ്.

**സ്നേഹപ്രതൻ പൂക്കോട്ടൂർ**

# തെറ്റിദ്ധരിക്കപ്പെട്ട ഇസ്‌ലാം

**നിയമത്തിന്റെ** കാർക്കശ്യമല്ല, സഹാനുഭൂതിയുടെ സൗമ്യതയാണ് ഇസ്‌ലാമിന്റെ പ്രത്യേകത. ഈ സത്യം മറന്നതാണ് താലിബാന്റെ പരാജയമെന്നു തോന്നുന്നു. കർക്കശമായ നിയമങ്ങളിലൂടെ ഇസ്‌ലാം നടപ്പാക്കാൻ ശ്രമിച്ചപ്പോൾ അത് ഭീകരതയായി ചിത്രീകരിക്കപ്പെടാൻ ഇടയായി. ഇസ്‌ലാമിനെ കടന്നാക്രമിക്കാൻ പഴുതുകൾ തേടുന്ന സാമ്രാജ്യത്വ ശക്തികൾക്കും ഇസ്‌ലാംവിരോധികൾക്കും വടികൊടുക്കുകയായിരുന്നു താലിബാൻ.

അക്രമികളായ ഭരണാധികാരികളുടെ ദുർഭരണത്തിൽ പൊറുതിമുട്ടിയ ജനങ്ങൾ ഇസ്‌ലാമിക സംഘത്തെ സ്വന്തം രാജ്യങ്ങളിലേക്ക് ക്ഷണിച്ചുവരുത്തിയ കഥകൾ ഉമറിനെപ്പോലുള്ള സച്ചരിതരായ ഖലീഫമാരുടെ ചരിത്രത്തിൽ വായിക്കാം. മനുഷ്യന്റെ ഭൗതികമായ ആശകളെയും ആവശ്യങ്ങളെയും ആത്മീയമായ അന്വേഷണത്തെയും ദാഹത്തെയും ഒരുപോലെ തൃപ്തിപ്പെടുത്തുന്ന ദർശനം ഇസ്‌ലാമല്ലാതെ മറ്റൊന്നില്ല. എന്നിട്ടുമെന്തേ ഇസ്‌ലാം ഇന്ന് ഭീകരതയുടെ പര്യായമായി? ഈ കുറ്റത്തിൽ താലിബാനെപ്പോലുള്ള അപക്വമതികളായ മുസ്‌ലിംഗ്രൂപ്പുകളുടെ പങ്ക് നിഷേധിക്കാനാകുമോ?

ഇന്ന് ഇസ്‌ലാമിക ശരീഅത്ത് എന്നു കേൾക്കുമ്പോഴേക്ക് ഹാലിളകുകയും ചാടിവീഴുകയുമാണ് സാമ്രാജ്യത്വശക്തികൾ. ഇസ്‌ലാമിന് ഭീകരതയെന്ന് പേരിട്ട് സാക്ഷാൽ ഭീകരതകൊണ്ട് നേരിടുകയാണ് ചെയ്യുന്നത്. യഥാർഥ ഭീകരന്മാർ സാമ്രാജ്യത്വശക്തികളാണെന്നതാണ് വസ്തുത. അവർ ഭീകരമുദ്ര ചാർത്തി മനുഷ്യരെ നീചമായി പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നു. പല രാഷ്ട്രങ്ങളെയും ക്രൂരമായി നശിപ്പിച്ചു. ഈ ഭീകരന്മാരെ അതേ നാണയത്തിൽ തിരിച്ചടിക്കുക എന്നത് അചിന്ത്യമാണ്. അഥവാ ഇസ്‌ലാമിന്റെ പേരിൽ വല്ലവരും ഭീകരതയെ ഭീകരതകൊണ്ട് നേരിടാൻ തുനിയുകയാണെങ്കിൽ അത് നിരപരാധികളായ ജനസമൂഹത്തിന്റെ സർവ നാശത്തിലാണ് കലാശിക്കുക.

എന്തുവന്നാലും പ്രകോപിതരാവാതെ സഹനത്തിലൂടെയും സഹിഷ്ണുതയിലൂടെയും പ്രവാചക മതത്തിന്റെ ജീവിക്കുന്ന മാതൃകകളാവുകയെന്നതാണ് ഈ കോലാഹലങ്ങൾക്കുള്ള അനുയോജ്യമായ മറുപടി. അമേരിക്കയിലെ ഇസ്‌ലാമിക പ്രബോധകനും നവ മുസ്‌ലിമുമായ ഡോ. ജെറാൾഡ് ഡർക്സിന്റെ വാക്കുകൾ ഈ വസ്തുതക്ക് അടിവരയിടുന്നു (*പ്രബോധനം* 2009 ഏപ്രിൽ 18). 9/11-ലെ ഭീകരാക്രമണത്തിന്റെ ബഹളങ്ങൾക്കിടയിലും യാദൃഛികമായി പരിചയപ്പെടാനിടയായ മുസ്‌ലിം കുടുംബങ്ങളുടെ മാതൃകാ ജീവിതത്തിൽനിന്നാണ് ഡോ. ഡർക്സ് ഇസ്‌ലാമിനെ കണ്ടെത്തിയത്.

ഡോ. ജാസിർ ഔദ പറഞ്ഞതുപോലെ, ശരീഅത്തിന്റെ വളരെ ചെറിയൊരു ഭാഗം മാത്രമാണ് ശിക്ഷാവിധികൾ (*പ്രബോധനം* 25.4.2009). ശരീഅത്ത് വിപുലമായ ഒരു നിയമസംഹിതയാണ്. അതിന്റെ ലക്ഷ്യം മനുഷ്യരാശിയുടെ-മുസ്‌ലിംകളുടെ മാത്രമല്ല- ക്ഷേമമാണ്; സമാധാനപരമായ സഹവർത്തിത്വമാണ്; ഭൗതികവും ആത്മീയവുമായ വളർച്ചയാണ്; ഐഹികവും പാരത്രികവുമായ വിജയമാണ്. ഇസ്‌ലാം സർവസ്വീകാര്യമായ ഒരു ആശയമാണെന്നതുപോലെ ജനക്ഷേമത്തിലധിഷ്ഠിതമായ ഒരു ഭരണക്രമവുമാണ്. ഇസ്‌ലാമിനെ സമ്പൂർണമായി വരിക്കുന്ന സമൂഹത്തിന് സുഖസമൃദ്ധമായ സ്വർഗം മാത്രമല്ല ഐശ്വര്യപൂർണമായ ഒരു ഭൂമിയും അത് വാഗ്ദാനം ചെയ്യുന്നു.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

# മദ്യം ഹലാലാക്കുന്ന ജനാധിപത്യം

**ജനാധിപത്യം,** മതേതരത്വം, ദേശീയത്വം എന്നിവയോട് ഇസ്‌ലാമിന്റെ സമീപനമെന്താണെന്നതിനെക്കുറിച്ച് ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. മതനിരാസം എന്ന അർഥത്തിൽ മതേതരത്വം മതത്തിന് എതിരാണ്. മതനിരപേക്ഷതയെന്ന അർഥത്തിൽ ഇന്ത്യൻ മതേതരത്വം നമുക്ക് സ്വീകാര്യവുമാണ്.

ജനാധിപത്യം ജഗദീശ്വരന്റെ പരമാധിപത്യവുമായി കൂട്ടിമുട്ടുന്ന തത്ത്വമെന്ന നിലക്ക് ശരിയാവുകയില്ല. നിയമനിർമാണ സഭയിൽ 51 ശതമാനം കൈ പൊക്കിയാൽ ഹലാൽ ഹറാമും ഹറാം ഹലാലുമാകും (ലീഗ് ഉൾപ്പെടുന്ന ഇ.എം.എസ് മന്ത്രിസഭ മദ്യനിരോധം എടുത്തുകളഞ്ഞതും ലോട്ടറി നടപ്പിലാക്കിയതും ഉദാഹരണം). നല്ലൊരു തെരഞ്ഞെടുപ്പ് രീതിയെന്ന നിലയിൽ ജനാധിപത്യം ശരിയുമാണ്. ഭൂരിപക്ഷം പിന്തുണച്ചാൽ മതവും പാർട്ടിയും മാറാതെ നല്ലൊരു ധാർമിക ക്ഷേമരാഷ്ട്രം സ്ഥാപിക്കാൻ ജനാധിപത്യത്തിലൂടെ കഴിയും. ഹിജ്റക്ക് ശേഷം മദീനയിൽ മൂന്നാം കക്ഷിക്ക് സാധിച്ച പോലെ.

സങ്കുചിത ദേശീയത്വം ഒരു സിദ്ധാന്തമെന്ന നിലക്ക് ഇസ്‌ലാമിന്റെ സാർവലൗകികതക്കും സാർവജനീനതക്കും വിരുദ്ധമാണ്. ദേശസ്നേഹം കുടുംബസ്നേഹത്തേക്കാളുപരി മുസ്‌ലിമിന് വിശ്വാസത്തിന്റെ ഭാഗമാണ്. പരമമായ സ്നേഹവും പരമാധികാരവും ജഗന്നിയന്താവിനു മാത്രം എന്നതാണ് തൗഹീദ്. ആരാധനയുടെ അടിസ്ഥാനം തന്നെ പരമമായ സ്നേഹമാണ്.

**എം.എ മുസ്‌ലിയാർ കണ്ണൂർ സിറ്റി**

# കോൺഗ്രസ്സിന്റെ മൃദു ഹിന്ദുത്വം

**ഇലക്ഷന്** മുമ്പ് കോൺഗ്രസ്സിന്റെ ദേശീയ നയങ്ങളെ പോസ്റ്റ്മോർട്ടം ചെയ്യുന്ന കൂട്ടത്തിൽ ഉയർന്നുവരാറുള്ള ഒരു ആരോപണമാണ് അതിന്റെ മൃദു ഹിന്ദുത്വ സമീപനം. ഇത് ക്ഷന്തവ്യമായ ഒരു അപരാധമായി കണക്കാക്കാവുന്നതേയുള്ളൂ എന്നാണ് എന്റെ വിശ്വാസം. കോൺഗ്രസ്സിന് മുഖ്യമായും നേരിടേണ്ടത് തീവ്ര ഹിന്ദുത്വം നടപ്പാക്കാൻ ശ്രമിക്കുന്ന ഒരു പാർട്ടിയെയാണ്. ഇന്ത്യയിൽ മഹാഭൂരിപക്ഷം വരുന്ന ഹിന്ദുക്കളെ തീവ്ര ഹിന്ദുത്വ വികാരം പറഞ്ഞ് ആവേശിപ്പിച്ചാണ് സംഘ്പരിവാർ ഒന്നിച്ചു കൂട്ടാൻ നോക്കുന്നത്. ഹിന്ദുത്വ നിലപാടുകൾ ഉൾക്കൊള്ളാത്ത വിഭാഗങ്ങളുടെ ഉന്മൂലനവും അവരുടെ അജണ്ടയാണ്. ഹിന്ദുത്വ സമീപനങ്ങൾ ഉൾക്കൊള്ളാത്ത വിഭാഗങ്ങളുടെ ഉന്മൂലനം ഒരു കാലത്തും കോൺഗ്രസ്സിന്റെ അജണ്ടയിൽ ഇല്ലാത്തതാണ്. തീവ്രഹിന്ദുത്വമുള്ള ഒരു പാർട്ടിയുടെ ഭരണം സ്ഥിരമായി ഇന്ത്യയിലുണ്ടായാലുള്ള സ്ഥിതിയൊന്ന് ആലോചിച്ചു നോക്കൂ. ഗുജറാത്തിൽ അതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കോൺഗ്രസ്സിന്റെ മൃദു ഹിന്ദുത്വം പൊറുക്കാവുന്നതേയുള്ളൂ. രാഹുൽ ഗാന്ധി ദീർഘിച്ചൊരു ഗോപിക്കുറി നെറ്റിയിൽ തൊടുന്നതോ അല്ലെങ്കിൽ കേരളത്തിൽ തെക്കു വടക്ക് ഓടുന്ന ഒരു തീവണ്ടിക്ക് 'പരശുറാം' എന്ന് പേരിടുന്നതോ നമുക്ക് ഉൾക്കൊള്ളാൻ പ്രയാസമുണ്ടാവുകയില്ല. അല്ലെങ്കിൽ ഇതൊക്കെ ഉറക്കെ വിളിച്ചു പറയാനുള്ള സ്വാതന്ത്ര്യമെങ്കിലും നമുക്കുണ്ടല്ലോ. മുസ്‌ലിം ഉമ്മത്തിന് ലോകത്ത് പലയിടത്തും അതില്ല.

നിലവിളക്ക് കൊളുത്തുന്ന ഉദ്ഘാടന ചടങ്ങ് നമുക്ക് അലർജിയായതല്ലേ. തീർച്ചയായും അത് ഹിന്ദുത്വത്തിന്റെ ഭാഗംതന്നെ. അതിപ്പോൾ സാർവത്രികമായി തീരുകയും ചെയ്തു. വൈകാരികമായി അതിനോടുള്ള എതിർപ്പ് ഇപ്പോൾ നടക്കുകയില്ല. എങ്കിലും എന്റെ സന്ദേഹമിതാണ്, നിലവിളക്ക് കൊളുത്തിയാൽ തൗഹീദിന് എന്തെങ്കിലും ഹാനി സംഭവിക്കുമോ? പശു ഹിന്ദുക്കൾക്ക് ദൈവമാണ്, ഗോമാതാവാണ്. അതുകൊണ്ട് മുസ്‌ലിംകൾക്ക് പശുവിനെ പോറ്റാൻ പാടില്ലെന്നുണ്ടോ?

**അഹ്മദ് കടവത്തൂർ ആറ്റുപുറത്ത്**

## ചുരുക്കെഴുത്ത്

# ഇന്റർനെറ്റിലെ ദുരാചാരം

**'ഇന്റർനെറ്റും** സദാചാര ചിന്തകളും' എന്ന വി.കെ.ടി ഇസ്മാഈൽ പടന്നയുടെ കുറിപ്പ് (ലക്കം 45) ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ച് ഗൗരവപൂർവം ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ചൈനപോലുള്ള രാഷ്ട്രങ്ങൾ, ഇന്റർനെറ്റ് ഉപയോഗത്തിന്റെ തെറ്റായ വഴികളിലൂടെ ഒരുപാട് ദൂരം യാത്ര ചെയ്തു. അതുവഴിയുണ്ടായ ദുരനുഭവങ്ങളാണ് അവരുടെ തിരിച്ചറിവിന്നാധാരം. വളരെ ശ്രദ്ധേയമായ കാൽവെപ്പുകളാണ് ഇന്റർനെറ്റിന്റെ മാസ്മരിക ലോകത്തെ ശുദ്ധീകരിക്കാൻ അവർ നടത്തിക്കൊണ്ടിരിക്കുന്നത്. യാഹൂവിനും 80ഓളം അശ്ലീല സൈറ്റുകൾക്കും അവർ ശക്തമായ മുന്നറിയിപ്പ് നൽകി കഴിഞ്ഞു. പക്ഷേ മിക്ക രാഷ്ട്രങ്ങളും ഇന്നും ശക്തമായ നിലപാടുകൾ എടുത്തിട്ടില്ല.

നമ്മുടെ രാജ്യം ഈ മേഖലയിൽ തികഞ്ഞ അവഗണനയാണ് വെച്ചുപുലർത്തുന്നത്. ഇപ്പോൾ തന്നെ നാം ശ്രദ്ധിച്ചില്ലെങ്കിൽ കാര്യങ്ങൾ എല്ലാ സീമകളും ലംഘിക്കും. രക്ഷിതാക്കളുടെ സാന്നിധ്യത്തിലാണോ ഇന്ന് കുട്ടികളുടെ വളർച്ച? അവർ വളരുന്നതും ജീവിക്കുന്നതും വ്യത്യസ്ത ധ്രുവങ്ങളിലല്ലേ? അവർ പരസ്പരം ബന്ധപ്പെടുന്നത് തന്നെ ഇന്റർനെറ്റിന്റെ ലോകത്തിലൂടെയല്ലേ? ലാപ്ടോപ്പും മൊബൈൽ ഫോണും ഇൻർനെറ്റ് കണക്ഷനും ഇല്ലാത്ത വിദ്യാർഥികൾ ഇന്ന് എത്ര പേരുണ്ട്. ആവശ്യമില്ലെങ്കിലും ഇതൊക്കെ പൊങ്ങച്ചത്തിനും പെരുമക്കും വേണ്ടി അടിച്ചേൽപിച്ച് കച്ചവടതാൽപര്യം കൂടി കുത്തിയിറക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും നിരവധി. അവർ പോകുന്നിടത്തെല്ലാം ഇവയും കൂടെയുണ്ടാകും. പിന്നെന്ത് നിയന്ത്രണം?

വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും ഒരു ഉപകാരവും നൽകാത്ത, ഉപദ്രവങ്ങൾ മാത്രം നൽകുന്ന ഇന്റർനെറ്റിന്റെ ദുഃസ്വാധീന മേഖലകളെ പൂർണമായും നിയന്ത്രിക്കാൻ ഉത്തരവാദിത്വവും പൗരബോധവുമുള്ള ഒരു രാഷ്ട്രം വളരെ ശക്തമായി രംഗത്തുവരേണ്ടിയിരിക്കുന്നു. അല്ലാതെ ഇൻർനെറ്റിൽ അശ്ലീലതകൾ പരത്തുന്നവരെ പിടിക്കലല്ല കരണീയം. എല്ലാവരും മനഃപൂർവമല്ല ഇത്തരം സൈറ്റുകളിൽ എത്തിച്ചേരുന്നത്. ഒരു സൈറ്റും സെർച്ച് എഞ്ചിനും ഇന്ന് സുരക്ഷിതമല്ല. എവിടെ നിന്നും ഏത് നിമിഷവും മനുഷ്യനെ മലീമസമാക്കാൻ പിശാചിന്റെ ആധുനിക രൂപം കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും ലോകത്ത് വൈറസുകളേക്കാൾ നിറഞ്ഞുനിൽക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരം സ്രോതസ്സുകളെയാണ് നാം പിടികൂടേണ്ടത്.

ഒരു ഇസ്ലാമിക സമൂഹത്തിന് ഇത്തരം കാര്യങ്ങളോടുള്ള സമീപനമാണ് കൂടുതൽ ചിന്താർഹമായിട്ടുള്ളത്. എല്ലാം കത്തിയുടെ ഉപയോഗം പോലെയെന്ന് പറഞ്ഞ് മൂലക്കിരിക്കാനാണ് നമ്മുടെ വിധി. ഇന്റർനെറ്റിൽ എന്താണ് നമ്മുടെ സംഭാവന, പരതലല്ലാതെ? ഈ മേഖലയിലെ അതികായകന്മാരെ വെട്ടിനിരത്തി എന്നാണാവോ നാം മുന്നേറുക. അതിന്റെ ഉത്ഭവസ്ഥാനങ്ങളെ നമ്മുടേതായ സത്തിൽനിന്ന് കൊണ്ട് ജാഹിലിയ്യത്തിന്റേതല്ലാതാക്കി മാറ്റാനുള്ള എളിയ ശ്രമം പോലും ഇന്നില്ല. എല്ലാം ഉപയോഗിക്കുന്നവർ മാത്രമാകാതെ അതിനെ ഉണ്ടാക്കിയെടുക്കാനും തിരുത്തിക്കുറിക്കാനും നാം തയാറായേ തീരൂ.

**ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം**
farookusman@gmail.com

## ഇന്റർനെറ്റിന്റെ വലക്കണ്ണികൾ

***പ്രബോധനം*** വാരിക ലക്കം 45-ൽ വന്ന 'ഇന്റർനെറ്റും സദാചാര ചിന്തകളും' എന്ന ലേഖനം കാലിക പ്രസക്തമായി. ഏറ്റവും പുതിയ ഇൻഫർമേഷൻ ടെക്നോളജിയുടെ വർണപകിട്ടിൽ പരക്കംപായുന്ന യുവതലമുറക്ക്, ഈ പാച്ചിലിൽ അറിയാതെ ഒഴുകിപ്പോകുന്ന മൂല്യങ്ങളെക്കുറിച്ചോ, തകരുന്ന കുടുംബ-ദാമ്പത്യ ബന്ധങ്ങളെക്കുറിച്ചോ അശേഷം മനസ്സാക്ഷിക്കുത്ത് അനുഭവപ്പെടുന്നില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് എന്റെ 'നോവിന്റെ വെളിപാട്' എന്ന കൃതിയിലെ 'അറിവ്' എന്ന കവിത ഇവിടെ കുറിക്കുന്നു.

ഇന്റർനെറ്റിന്റെ
അനന്ത ആകാശത്ത്
വലക്കണ്ണികൾ
വിരിച്ച്
ഇരയെ കാത്തിരുന്നു.
തുണിയുരിഞ്ഞ
പാമ്പിൻപടങ്ങൾ
രതി-ചക്രത്തേരിലേറി
ഒറ്റയ്ക്കും,
തെറ്റയ്ക്കും
ഭൂമിയെ വലംവെച്ചു.
എന്നിട്ടും
കിണറിന്റെ
വാവട്ടം മൂടുന്ന
വലക്കണ്ണികളെക്കുറിച്ചുള്ള
അറിവേ
മാതാപിതാക്കൾക്കുണ്ടായിരുന്നുള്ളൂ.

**നാസർ ഇബ്റാഹീം പീച്ചി, തൃശൂർ**

**'ലഹരിമുക്തിയുടെ** ഒരു വർഷം' (ലക്കം 45) പി.ടി ഉമർബാവ മാറഞ്ചേരിയുടെ അനുഭവം വായിച്ചു. അദ്ദേഹത്തെയും മറ്റു ധാരാളം മദ്യപാനികളെയും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞ ഡി-അഡിക്ഷൻ ക്യാമ്പുകൾ പ്രശംസനീയമാണ്. മദ്യപാനം നിർത്തിയ ശേഷം അദ്ദേഹവും കുടുംബവും പ്രസ്ഥാന പ്രവർത്തകരാവുക കൂടി ചെയ്തതിൽ സന്തോഷം.

**ശബീന ഇഖ്ബാൽ ദോഹ**

**'ചാട്ടയടിയുടെ** ശരിതെറ്റുകൾ' എന്ന ഫത്വ സന്ദർഭോചിതമായി. വ്യഭിചാരത്തിന്റെ ശിക്ഷ ധാരാളം തെറ്റിദ്ധാരണകൾ സൃഷ്ടിക്കുന്ന പശ്ചാത്തലത്തിൽ പ്രത്യേകിച്ചും. പ്രവാചക സന്നിധിയിൽ, ചെയ്ത തെറ്റ് ഏറ്റു പറഞ്ഞ മാഇസ് (റ) എറിഞ്ഞുകൊല്ലപ്പെട്ടുവെന്ന് പ്രാമാണിക ഉദ്ധരണികളുണ്ട്. ഇസ്ദ് ഗോത്രത്തിലെ ഒരു ഗർഭിണി കുറ്റമേറ്റു പറഞ്ഞ് നബി സന്നിധിയിൽ വന്നതും മടക്കി അയക്കപ്പെട്ടതും പിന്നീട് ശിക്ഷിക്കപ്പെട്ടതും പ്രസിദ്ധമാണ്. മാഇസ്, നബിയുടെ കൂടെ നമസ്കരിച്ചതോടെ കുറ്റമുക്തനായെന്ന് ഫത്വയിൽ കാണുന്നു. ഈ അവ്യക്തകൾക്ക് സംശയനിവാരണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**എം. സഹ്റത്ത് എടച്ചേരി**